## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4953 06.02.2014 ൽ മറുപടിയ്ക്ക്

### ഭൂമി തട്ടിപ്പു സംബന്ധിച്ച ആക്ഷേപം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | (ശ്രീ.ഉമ്മൻ ചാണ്ടി)<br>(മുഖ്യമന്ത്രി) |
| എ) 2013 മെയ് മാസത്തിൽ ദൂരദർശൻ സംപ്രേക്ഷണം ചെയ്ത മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പരിപാടിയിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന സലീം രാജിനെതിരെ കടകംപള്ളി സ്വദേശിയായ ബാലസുബ്രഹ്മണ്യം, ഭൂമി തട്ടിപ്പ് സംബന്ധിച്ച ആക്ഷേപം ഉന്നയിച്ചിട്ടുണ്ടായിരുന്നുവോ; | എ) ആരും പരാതി ഉന്നയിച്ചില്ല. എന്നാൽ പത്രത്തിൽ വന്ന വാർത്ത സുതാര്യകേരളത്തിൽ സ്വയം എടുത്ത് വിശദാംശങ്ങൾ കളക്ടറോട് ആരാഞ്ഞു. |
| ബി) ഉന്നയിച്ച ആക്ഷേപം സംബന്ധിച്ച് വിശദമാക്കാമോ; ആക്ഷേപം കേട്ട ബഹു.മുഖ്യമന്ത്രിയും ജില്ലാ കളക്ടറും നൽകിയ മറുപടി എന്തായിരുന്നു; വിശദമാക്കാമോ; | ബി) 2012-2013 വരെ കരം സ്വീകരിച്ചിരുന്ന ഭൂമിക്ക് 2013-2014 വർഷം കരം സ്വീകരിക്കുവാൻ വില്ലേജ് ആഫീസർ തയ്യാറാകുന്നില്ല എന്ന് 18 സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂഉടമകളുടെ പരാതി സംബന്ധിച്ച പത്രവാർത്ത 14.5.2013 ലെ സുതാര്യകേരളം വീഡിയോകോൺഫറൻസിംഗ് പരിപാടിയിൽ പരിഗണിക്കുകയുണ്ടായി. പ്രസ്തുത ഭൂമി സംബന്ധിച്ച് RDO ഉത്തരവ് ഇറക്കിയിട്ടുള്ളതിനാലാണ് പരാതിക്കാർക്ക് ഇത്തരം ഒരു അനുഭവം ഉണ്ടായിട്ടുള്ളത് എന്നും ആധാരങ്ങളുടെ സാധുത സംബന്ധിച്ച് സംശയം ഉള്ളതിനാൽ കൂടുതൽ അന്വേഷണം ഈ വിഷയത്തിൽ ആവശ്യമാണെന്നുമായിരുന്നു കളക്ടർ മറുപടി നൽകിയിരുന്നത്. പരാതിക്കാർ |

| | |
|---|---|
| | കൈവശം വച്ച് അനുഭവിക്കുന്ന ഭൂമി നഷ്ടപ്പെടുന്ന തരത്തിൽ ഗവൺമെന്റിൽ നിന്ന് നിയമപരമല്ലാത്ത തീരുമാനം ഉണ്ടാകാൻ പാടില്ല എന്നും എത്രയും വേഗം തിരുവനന്തപുരം ജില്ലാകളക്ടർ ഇക്കാര്യത്തിൽ നേരിട്ട് അന്വേഷണം നടത്തി പരിഹാരം ഉണ്ടാക്കണമെന്നും വീഡിയോ കോൺഫറൻസിംഗിൽ മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു. |
| സി) പ്രസ്തുത ആക്ഷേപത്തിന്മേൽ സ്വീകരിക്കപ്പെട്ട മേൽ നടപടി എന്തായിരുന്നു; വിശദമാക്കാമോ; ഇക്കാര്യത്തിൽ എടുത്ത അന്തിമ തീരുമാനം എന്തായിരുന്നു; വ്യക്തമാക്കാമോ? | സി) പ്രസ്തുത ആക്ഷേപവുമായി ബന്ധപ്പെട്ട് 40 ഓളം കക്ഷികളെ 7.11.2013 ൽ ജില്ലാകളക്ടർ നേരിൽ കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

Kuulakut

സെക്ഷൻ ഓഫീസർ